## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3241 [10.12.2018-ൽ മറുപടിക്ക്]

### ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലം മാറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിയമനം സ്റ്റേറ്റ് അടിസ്ഥാനത്തിലും സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡത്തിൽ പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗത്തിൽ ജില്ലാതലത്തിൽ നിശ്ചിത ശതമാനത്തിലാക്കിയ തെറ്റായ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തിരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിച്ചുകൊണ്ട് അനുകമ്പാർഹ/മുൻഗണനാ സ്ഥലംമാറ്റം നടത്തുന്നതിന് ഒരു ജില്ലയിൽ ഒരു വിഷയത്തിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കി അനുകമ്പാർഹ/മുൻഗണനാ ട്രാൻസ്ഫർ നടത്തേണ്ടതാണെന്ന് 03.10.2018-ലെ സ.ഉ (പി) 138/2018/പൊ.വി.വ നമ്പർ പ്രകാരംസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | പ്രസ്തുത ന്യൂനത പരിഹരിക്കുന്നതിനായി സുപ്രീം കോടതിയിൽ ഏതെങ്കിലും കേസ് നിലവിൽ നൽകിയിട്ടുണ്ടോ; | (ബി) | ബഹു. സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മലബാർ മേഖലകളിൽ മതിയായ സർവീസ് ചെയ്തിട്ടുള്ള തെക്കൻ ജില്ലകളിലെ അദ്ധ്യാപകരെ മലബാർ മേഖലകളിൽ തന്നെ തിരികെ നിയമിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പ്രയോറിറ്റി, കംപാഷണേറ്റ് എന്നീ വിഭാഗങ്ങളിൽപ്പെട്ട അദ്ധ്യാപകർക്ക് ജില്ലാടിസ്ഥാനത്തിൽ തീരുമാനിക്കുന്നതിന് പകരം സംസ്ഥാന അടിസ്ഥാനത്തിൽ ഒഴിവ് കണക്കാക്കുമോ; | (ഡി) | 2018-ലെ പൊതുസ്ഥലംമാറ്റത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03.10.2018-ലെ സ.ഉ(പി) നം.138/2018/പൊവി നമ്പർ ഉത്തരവ് പ്രകാരം ജില്ലയിലുണ്ടാകുന്ന എല്ലാ ഒഴിവുകളും ഒരു യൂണിറ്റായി കണക്കാക്കിയാണ് കംപാഷനേറ്റ്/പ്രയോറിറ്റി സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | അദ്ധ്യാപകരുടെ സ്ഥലം മാറ്റം നിശ്ചിത സമയത്തിന് നടത്തുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മാസം നടത്തുമെന്ന് വ്യക്തമാക്കാമോ? | (ഇ) | അടുത്ത അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റം അദ്ധ്യയന വർഷാരംഭം തന്നെ നടപ്പാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ.**